# കേരളസർവകലാശാല

നം.പി.ആർ.156/2021

## പത്രക്കുറിപ്പ്

**ഒന്നാം വർഷ ബിരുദ പ്രവേശനം – 2021**
**ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്താൻ അവസരം**

കേരള സർവകലാശാലയുടെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ 02.08.2021ന് ആരംഭിച്ചു. രജിസ്ട്രേഷൻ പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ഉടനെ തന്നെ പ്രൊഫൈൽ ലോഗിൻ ചെയ്ത് പാസ്സ്‌വേർഡും നിർബന്ധമായും മാറ്റുക. അതിനായി, രജിസ്റ്റർ ചെയ്തിരിക്കുന്ന മൊബൈൽ നമ്പറിൽ വരുന്ന OTP സേവനം വിനിയോഗിക്കുക. അഡ്മിഷൻ നടപടികൾ പൂർത്തിയാകുന്നത് വരെ അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ആവശ്യമായതിനാൽ ഇവ ഓർത്തിരിക്കേണ്ടതാണ്. അലോട്ട്മെന്റ് പരിശോധിക്കാനും തുടർ നടപടികൾക്കും ഇത് ആവശ്യമാണ്.

നിലവിൽ രജിസ്ട്രേഷൻ നടത്തി കഴിഞ്ഞ വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് ''എഡിറ്റ് പ്രൊഫൈൽ'' എന്ന ടാബ് ഉപയോഗിച്ച് സ്വമേധയാ മാറ്റം വരുത്താവുന്നതാണ്. വിദ്യാർത്ഥിക്ക് ഇത്തരത്തിൽ തങ്ങളുടെ പ്രൊഫൈലിൽ പരമാവധി 5 തവണ മാറ്റം വരുത്താവുന്നതാണ്. അതിനായി, രജിസ്റ്റർ ചെയ്തിരിക്കുന്ന മൊബൈൽ നമ്പറിൽ വരുന്ന OTP സേവനം വിനിയോഗിക്കുക. അതിന് ശേഷം വരുത്തേണ്ട തിരുത്തലുകൾക്ക് വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ നൽകിയിട്ടുള്ള 'FORUM ' എന്ന ലിങ്ക് ഉപയോഗിക്കുക. രജിസ്ട്രേഷൻ അവസാനിക്കുന്നതിനു മുൻപ് ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്. തിരുത്തലുകൾക്കായി സർവകലാശാലയിൽ അപേക്ഷ നൽകിയവർ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് തിരുത്തൽ വരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. പ്രൊഫൈലിൽ എന്ത് മാറ്റം വരുത്തിയാലും അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

ഓൺലൈൻ അഡ്മിഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് 8281883052, 8281883053 എന്നീ നമ്പറുകളിലോ 9188524610 എന്ന WhatsApp നമ്പറിലോ (മെസ്സേജുകൾ മാത്രം) onlineadmission@keralauniversity.ac.in എന്ന ഇ.മെയിൽ ഐഡിയിലോ ബന്ധപ്പെടുക.

ഓൺലൈൻ അപേക്ഷയുടെ പകർപ്പുകൾ ഒന്നും തന്നെ സർവകലാശാലയിലേക്ക് അയക്കേണ്ടതില്ല.

ഓൺലൈൻ രജിസ്ട്രേഷൻ 17.08.2021 ന് അവസാനിക്കുന്നതാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ (സെപ്റ്റംബർ 2020) 2013 സ്കീം ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ചിന്റെ കമ്പ്യൂട്ടർ നെറ്റ്‌വർക്ക്സ് ലാബ് പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 12 ന് കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ (സെപ്റ്റംബർ 2020) 2013 സ്കീം കെമിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ 'മാസ് ട്രാൻസ്ഫർ ഓപ്പറേഷൻസ് ലാബ്' പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 12 നും 'പ്രോസസ് കൺട്രോൾ ലാബ്' പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 13 നും കൊല്ലം ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ സെപ്റ്റംബർ 2 മുതൽ ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ഇന്റ ഗ്രേറ്റഡ് പഞ്ചവത്സര ബി.കോം.എൽ.എൽ.ബി., ബി.ബി.എ.എൽ.എൽ.ബി., സെപ്റ്റംബർ 4 മുതൽ ആരംഭിക്കുന്ന ബി.എ.എൽ.എൽ.എൽ.ബി. എന്നീ പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാലയുടെ ഓഗസ്റ്റ് 27 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷ ഓഗസ്റ്റ് 2021 ന്റെ വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## ശ്രീ സ്വാതി തിരുനാൾ ഗവൺമെൻറ് കോളേജ് ഓഫ് മ്യൂസിക്, ബി. പി എ (Bachelor of Performing Arts) മ്യൂസിക് പ്രവേശനം

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ശ്രീ സ്വാതി തിരുനാൾ ഗവൺമെൻറ് കോളേജ് ഓഫ് മ്യൂസിക്, തൈക്കാട് തിരുവനന്തപുരം ,ബി.പി.എ പ്രവേശനത്തിനുള്ള അപേക്ഷ ഫോം അഡ്മിഷൻ വെബ്സൈറ്റിൽ ലഭ്യമാണ്. പ്രസ്തുത അപേക്ഷാ ഫോം പൂരിപ്പിച്ച് കോളേജിൽ നേരിട്ടോ ഇ–മെയിൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. ഇ–മെയിൽ വിലാസം sstgmc@gmail.com.

ബി.പി എ പ്രവേശനം സംബന്ധിച്ച വിശദവിവരങ്ങൾക്ക് 04712323027 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. അപേക്ഷാ ഫോമിന്റെ വിലയായ 50 രൂപ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് കോളേജിൽ നൽകേണ്ടതാണ്.

അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 27.08.2021.

## പരീക്ഷാഫലം

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.കോം (2018 അഡ്മിഷൻ റെഗുലർ, 2017, 2016 & 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ആഗസ്റ്റ് 25 വരെ അപേക്ഷിക്കാം. ഇതിനായി വെബ്സൈറ്റിൽ നിന്ന് ലഭ്യമാകുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാവുന്നതാണ്.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. – സി.ആർ. ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ഗ്രൂപ്പ് 2 (a) ബി.എ. ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (133) (2018 അഡ്മിഷൻ റെഗുലർ, 2017, 2016 & 2015 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 25 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി.കോം. കൊമേഴ്സ് ആന്റ് ടാക്സ് പ്രൊസീജിയർ ആന്റ് പ്രാക്ടീസ് (2018 അഡ്മിഷൻ റെഗുലർ, 2015 – 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 25 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ (128)/ബി.എ. ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ ആന്റ് വീഡിയോ പ്രൊഡക്ഷൻ (129), ബി.എ. മലയാളം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ (116) എന്നീ കോഴ്സുകളുടെ

പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ആഗസ്റ്റ് 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. കമ്മ്യൂണിക്കേറ്റീവ് അറബിക്, ബി.പി.എ. (വോക്കൽ/വീണ/വയലിൻ/മൃദംഗം/ഡാൻസ്), ബി.എ. (എഫ്.ഡി.പി.സി.ബി.സി.എസ്.) (2018 അഡ്മിഷൻ – റെഗുലർ/2015 – 2017 അഡ്മിഷൻ – സപ്ലിമെന്ററി) എന്നീ ഡിഗ്രി കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 25 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ (2018 അഡ്മിഷൻ – റെഗുലർ/2015 – 2017 അഡ്മിഷൻ – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ഗ്രൂപ്പ് 2 (a) ബി.എസ്സി. എൻവിയോൺമെന്റൽ സയൻസസ്, എൻവിയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് (216), ഗ്രൂപ്പ് 2 (a) ബി.എസ്സി. ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (328), ഗ്രൂപ്പ് 2 (b) ബി.എസ്.ഡബ്ല്യൂ. (315) (2018 അഡ്മിഷൻ റെഗുലർ, 2017, 2016 & 2015 അഡ്മിഷൻ സപ്ലിമെന്ററി) എന്നീ ഡിഗ്രി പ്രോഗ്രാമുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 25 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്സി. ബയോടെക്നോളജി (മൾട്ടിമേജർ), ബി.എസ്സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി, ബി.വോക്. സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ്, ബി.വോക്. ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (2018 അഡ്മിഷൻ – റെഗുലർ, 2017, 2016 & 2015 അഡ്മിഷൻ – സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) എന്നീ കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 25 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 മാർച്ചിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. ഹോം സയൻസ് (ഫാമിലി റിസോഴ്സ് മാനേജ്മെന്റ്, എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ, ഫുഡ് ആന്റ് ന്യൂട്രീഷ്യൻ, ന്യൂട്രീഷ്യൻ ആന്റ് ഡയറ്ററ്റിക്സ്) എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 26 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
10.08.2021.

[signature]

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**
**University information is available on 9188526670, 9188526671, 9188526674, 9188526675**